LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യസമൃദ്ധി പദ്ധതി

**105 (7668)** ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "മത്സ്യസമൃദ്ധി" പദ്ധതിക്കു വേണ്ടി 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക :

- 2012-13 - 4 കോടി
- 2013-14 - 4 ,,
- 2014-15 - 4 ,,

ആർ.കെ.വി.വൈ. വിഹിതമായി യഥാക്രമം 1001.25 ലക്ഷം രൂപ, 900 ലക്ഷം രൂപ എന്നീ ക്രമത്തിൽ ഒന്നും രണ്ടും വർഷങ്ങളിൽ (2012-13, 2013-14) ലഭിച്ചിട്ടുണ്ട്. മൂന്നാം വർഷത്തിൽ (2014-15) 1337.60 ലക്ഷം രൂപ ലഭിക്കാനുണ്ട്.

എഫ്.എഫ്.ഡി.എ. വിഹിതമായി യഥാക്രമം 263.35 ലക്ഷം രൂപ, 290 ലക്ഷം രൂപ എന്നീ ക്രമത്തിൽ ഒന്നും രണ്ടും (2012-13, 2013-14) വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. മൂന്നാം വർഷത്തിൽ (2014-15) 300 ലക്ഷം രൂപ ലഭിക്കാനുണ്ട്.

(ബി) സ്വീകരിച്ച നടപടികൾ അനുബന്ധം (എ) ആയി ചേർക്കുന്നു.*

(സി) 2014 ഏപ്രിൽവരെ 20.39 കോടി രൂപ പദ്ധതി നടത്തിപ്പിനായി ചെലവായിട്ടുണ്ട്.

(ഡി) മത്സ്യസമൃദ്ധി പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധം (ബി) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.